# ഇസ്ലാം

# ഒരു സമഗ്രപഠനം

ഗ്രന്ഥകർത്താ:

സി. എൻ. അഹ്മദ് മൗലവി

"ISLAM - ORU SAMAGRA PADHANAM"


*Author :*

C. N. AHMED MOULAVI



*Publishers :*

MADANI BOOK DEPOT, CALICUT - 1



*All Rights Reserved*



*First Impression :*

1 — 11 — 1965

*Second Impression :*

22 — 5 — 1968

*Price :* 10/-

*Printed at :*

THE XAVIER PRESS, CALICUT - 1

Phone : 4957

# മദനി ബുക്ക് ഡിപ്പോ

ഹസൂർ റോഡ്, കോഴിക്കോട്-1

ഗവൺമെന്റ് പാഠപുസ്തകങ്ങളെല്ലാം ഇവിടെ സ്റ്റോക്കുണ്ട്

മലയാളത്തിലുള്ള എല്ലാതരം ഇസ്ലാമിക ഗ്രന്ഥങ്ങളും ഇവിടെ കിട്ടും. അവക്കുപുറമെ, സാധാരണ മലയാളപുസ്തകങ്ങളും, ആകർഷകങ്ങളായ പലതരം മുസ്ഹഫുകളും, പല വിഭാഗം മദ്രസാപാഠപുസ്തകങ്ങളും, സ്റ്റേഷനറിസാമാനങ്ങളും മുതലായവയും ഇവിടെ തയ്യാറുണ്ട്. ആവശ്യക്കാർക്ക് പുറമെനിന്ന് ഗ്രന്ഥങ്ങളും വരുത്തിക്കൊടുക്കുകയും ചെയ്യും.

## ഞങ്ങളുടെ പ്രസിദ്ധീകരണങ്ങൾ

| | | |
|---|---|---|
| 1. | ഖുർആൻ പരിഭാഷ വാല്യം 1 | 10.00 |
| 2. | ,, ,, വാല്യം 2 & 3 | 8.00 |
| 3 | ,, ,, വാല്യം 4 | 8.00 |
| 4 | ,, ,, വാല്യം 5 (അച്ചടിയിൽ) | 10.00 |
| 5. | ,, ,, വാല്യം 6 ,, | 10.00 |
| 6. | അമ്മ ജുസ്സ് പരിഭാഷ | 2.00 |
| 7. | ഇസ്ലാമിലെ ധനവിതരണപദ്ധതി (അച്ചടി പൂർത്തിയായിവരുന്നു) | 3.00 |
| 8. | ഇസ്ലാമികപാഠാവലി | 0.60 |
| 9. | വൈവാഹികജീവിതം — ഇസ്ലാമിൽ ([illegible] നവീനഗ്രന്ഥം) | 0.75 |
| 10. | Principles and Practice of Islamic Economy | 5:00 |

കേടുപാടുകളോ തേമാനങ്ങളോ ഉണ്ടെങ്കിൽ അവയെല്ലാം പരിഹരിച്ചു വീണ്ടും സംഘടിപ്പിച്ചു് പ്രവർത്തനത്തിന്നിറക്കുന്നു. അതേപോലെതന്നെയാണു് മനുഷ്യശരീരമാകുന്ന യന്ത്രത്തിന്റെ സ്ഥിതിയും. അതിന്നും തേമാനങ്ങളുണ്ടാകും, അററകുററങ്ങളുണ്ടാകും. ചില ഭാഗങ്ങൾക്കു്, തുടർച്ചയായുള്ള ഭാരിച്ച ജോലിമൂലം ക്ഷീണം പററിയിട്ടുണ്ടാകും. അത്തരം ക്ഷീണങ്ങളും കേടുപാടുകളുമെല്ലാം തീർക്കുകയാണു് വ്രതാനുഷ്ഠാനത്തിന്റെ മറെറാരുദ്ദേശ്യം.

മനുഷ്യരിൽ അധികമാളുകളും ബോധമില്ലാത്തവരാണു്. ചിലർ ബോധമുണ്ടെങ്കിൽത്തന്നെ ആരോഗ്യനിയമങ്ങൾ പരിഗണിച്ചുകൊണ്ടു് ആഹാരപാനീയങ്ങൾ നിയന്ത്രിക്കാൻ കഴികയില്ല. അവസാനം ആ രണ്ടു വിഭാഗക്കാരെയും ഓരോ തരത്തിലുള്ള രോഗങ്ങൾ ബാധിക്കും. മനുഷ്യർക്കുണ്ടാകുന്ന രോഗങ്ങളിൽ മിക്കവയും വയർ നിയന്ത്രിക്കാത്തതുകൊണ്ടാണുണ്ടാകുന്നതു്. ആരോഗ്യശാസ്ത്രം പഠിച്ചവർക്കു അതു നന്നായറിയാം. ഏതു് ഡാക്ടരുടെയൊ വൈദ്യന്റെയൊ അടുക്കൽ പോയിനോക്കൂ. 'അതു കഴിക്കരുതു്, ഇതു് കഴിക്കരുതു്, ഇത്ര ദിവസംവരേക്കും ബാർല്ലിവെള്ളം മാത്രമേ കഴിക്കാവൂ' എന്നിങ്ങനെ അവരെല്ലാവരും നിഷ്കർഷിക്കുന്നതുകാണാം. ചില രോഗങ്ങളിൽ, ശരിയായ ഒരു നോമ്പുകാരനെപ്പോലെ, ആഹാരപാനീയങ്ങൾ യാതൊന്നും കഴിക്കാൻ പാടില്ലെന്നും അവർ നിഷ്കർഷിക്കുന്നു. ഇതിന്റെയെല്ലാം അർത്ഥമെന്താണു്? മറെറാന്നുമല്ല, വയറു ശരിക്കു് നിയന്ത്രിച്ചെങ്കിലേ രോഗത്തെ തടയാൻ കഴികയുള്ളുവെന്നുതന്നെ. ഒരു മാസം തുടർച്ചയായി നോമ്പു് നോല്ക്കുമ്പോൾ ദേഹേന്ദ്രിയങ്ങൾക്കു് വിശ്രമം ലഭിക്കുന്നു, അവയുടെ ശക്തി വർദ്ധിക്കുന്നു. അവസാനം, അവന്റെ ആരോഗ്യം അപകടത്തിലേക്കു നീങ്ങുന്നതു് തടയാൻ അതു പര്യാപ്തമാകുന്നു.

എന്നാൽ നമ്മുടെ ചില ചെറുപ്പക്കാരുടെ അറിവുകേടു് നോക്കുക: നോമ്പു് നോല്ക്കുന്നതു് ഒരു ഭാരമായും ദൈവികശിക്ഷയായും അവർ ഗണിക്കുന്നു. വല്ല പഴുതും കിട്ടിയാൽ ഒഴിഞ്ഞുമാറാനാണവർ ശ്രമിക്കുക. എന്നിട്ടു് അങ്ങനെ ഒഴിഞ്ഞുമാറാൻ കഴിഞ്ഞതിൽ അവർ ഊററംകൊള്ളുന്നു. വാസ്തവത്തിലൊ, അവരുടെ നിലപാടു് ഖുർആൻ പറഞ്ഞപോലെയാണു്: "അല്ലാഹുവിനേയും സത്യവിശ്വാസികളേയും വഞ്ചിക്കാനാണവർ ഉദ്ദേശിക്കുന്നതു്; യഥാർത്ഥത്തിലൊ, അവർ വഞ്ചിക്കുന്നതു് തങ്ങളെത്തന്നെയാണു്; പക്ഷെ അതവർ ഗ്രഹിക്കുന്നില്ലെന്നുമാത്രം!" (2: 9).

നമ്മുടെ യുവാക്കൾ ആരോഗ്യവും സൗന്ദര്യവും സംരക്ഷിക്കാൻ വളരെയേറെ മനസ്സിരുത്തുന്നതുകാണാം. യഥാർത്ഥത്തിൽ അവരുടെ ആരോഗ്യം സംരക്ഷിക്കുന്നതിന്നു് കൂടുതൽ ഉപയുക്തമായ നടപടി നോമ്പാണു്. അതവർ ഓർക്കുന്നില്ല.

കൃഷിഭൂമിയുടെ സ്ഥിതി നമുക്കെല്ലാവർക്കും അറിവുണ്ടു്. ഒരു സ്ഥലത്തു് തുടർച്ചയായി കൃഷി ചെയ്യുമ്പോൾ ആ മണ്ണിന്നു് ഉല്പാദനശക്തി കുറയുന്നു.



പിന്നീടു് ആ ഭൂമിയുടെ ഉല്പാദനശക്തി വർദ്ധിക്കണമെങ്കിൽ കുറച്ചുകാലം കൃഷിചെയ്യാതെ ഒഴിച്ചിടണം. ഇപ്രകാരംതന്നെയാണു് മനുഷ്യന്റെ ദേഹേന്ദ്രിയങ്ങളുടെ സ്ഥിതിയും. ഇടക്കിടെ അവക്കു വിശ്രമം കൊടുത്താലേ അവയുടെ ശക്തി വർദ്ധിക്കയുള്ളു. വാസ്തവത്തിൽ ഇതും നമുക്കനുഭവമാണു്. റമളാൻ കഴിഞ്ഞശേഷം പലരുടേയും ആരോഗ്യം വർദ്ധിക്കുന്നതു് നാം കാണാറുണ്ടു്.

## വ്രതാനുഷ്ഠാനത്തിന്നു് റമളാൻമാസം തിരഞ്ഞെടുത്തതിന്റെ അർത്ഥം

മാനവലോകത്തിന്നു് അവരുടെ ജീവിതത്തിൽ വെളിച്ചം കാണിക്കാനായി ദൈവസന്നിധിയിൽനിന്നു് അവതരിപ്പിക്കപ്പെട്ട പരിശുദ്ധ സന്ദേശമാണു് ഖുർആൻ. അതു് ഏററവുമാദ്യമായി അവതരിച്ചതു് റമളാൻ മാസത്തിലാണു്. അതുകൊണ്ടാണു് റമളാൻ മാസത്തിൽ നോമ്പു്നോല്ക്കാൻ കല്പിച്ചതു്. അതായതു് ലോകത്തിന്നു് മഹത്തായ ആ സംഭാവന ലഭിച്ചതിലുള്ള കൃതജ്ഞത പ്രകടിപ്പിക്കുവാൻവേണ്ടിയാണു് ഖുർആന്റെ അനുയായികളെല്ലാവരും ഓരോവർഷവും ആ മാസം പ്രത്യേകരൂപത്തിൽ ആഘോഷിക്കണമെന്നു അല്ലാഹു കല്പിച്ചതു്. അങ്ങനെ ആഘോഷിക്കുമ്പോൾ, ആ മാസത്തിൽ നോമ്പു നോല്ക്കുവാൻ മാത്രമല്ല, ഖുർആൻ മുഴുവനും മനസ്സിരുത്തിക്കൊണ്ടു് ഒരാവർത്തിയെങ്കിലും വായിച്ചുതീർക്കണം. അത്തരം ആവശ്യങ്ങൾക്കുവേണ്ടി പള്ളികളിൽച്ചെന്നു് ഉപാസന (ഇഅ്ത്തികാഫ്)യിരിക്കണം എന്നുകൂടി ഇസ്ലാം കല്പിച്ചു. പരിശുദ്ധ ഖുർആന്റെ അവതരണമാസത്തെ തിരുമേനി (സ) യും അനുചരന്മാരും ആഘോഷിച്ചിരുന്നതും അങ്ങനെതന്നെയായിരുന്നു. തിരുമേനി, ഖുർആൻ ഒരാവർത്തി പാരായണം ചെയ്തുതീർക്കുകയും പള്ളിയിൽ ഉപാസനയിരിക്കുകയും ചെയ്തിരുന്നുവെന്നു് ബുഖാരി മുതലായ ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ടു്.

### മാസം കണക്കാക്കേണ്ടതെങ്ങിനെ ?

ഇസ്ലാമിലെ അനുഷ്ഠാനകർമ്മങ്ങളെല്ലാം സംഘടിപ്പിച്ചിരിക്കുന്നതു് ലളിതരൂപത്തിലാണു്, പ്രകൃതിക്കു തികച്ചും അനുയോജ്യമായ വിധത്തിലാണു്. ഇസ്ലാമിനുള്ള ഒരു പേരുതന്നെ "അല്ലാഹുവിന്റെ പ്രകൃതി" എന്നാണു് ഖുർആനിൽ (30:30) നല്കിയിരിക്കുന്നതു്. അതനുസരിച്ചു്, മാസപ്പിറവി കണ്ടാൽ നോമ്പു് ആരംഭിക്കാനും അടുത്ത മാസപ്പിറവി കണ്ടാൽ നോമ്പു് അവസാനിപ്പിക്കാനും ഇസ്ലാംമതം ഉപദേശിച്ചു. മാസപ്പിറവി കണ്ടു് നോമ്പു് ആരംഭിക്കുകയും അവസാനിപ്പിക്കുകയും ചെയ്യുന്നതു് എല്ലാ ദേശക്കാർക്കും എല്ലാ തരക്കാർക്കും സൗകര്യപ്രദമാണു്. അതിൽ കൃത്രിമസ്വഭാവമൊ വിഷമമോ ഒന്നുമില്ല. ലളിതമായൊരു രൂപമാണതു്. വിദ്യാഭ്യാസമൊന്നും ഇല്ലാത്തവർക്കും വലിയ പണ്ഡിതന്മാർക്കുമെല്ലാം അതു് സൗകര്യപ്രദ

മാണ്. അതോടൊപ്പം മററു ചില മെച്ചങ്ങളും അതിലുണ്ട്. ചന്ദ്രോദയം അടിസ്ഥാനമാക്കിക്കൊണ്ട് നോമ്പ് നോല്ക്കുമ്പോൾ കാലാവസ്ഥ ഓരോ കൊല്ലവും മാറിക്കൊണ്ടിരിക്കും. അപ്പോൾ എല്ലാതരം കാലാവസ്ഥകളിൽ വ്രതം അനുഷ്ഠിച്ച മെച്ചങ്ങളും മനുഷ്യന്ന് ലഭിക്കും. ഇങ്ങനെ പല നന്മകളും.

ചന്ദ്രോദയത്തെ അടിസ്ഥാനമാക്കിക്കൊണ്ട് നോമ്പ് നോല്ക്കാൻ കല്പിച്ചപ്പോൾ തിരുമേനി ഇങ്ങിനെ അരുളി: "ചന്ദ്രോദയം കാണുമ്പോൾ നിങ്ങൾ നോമ്പ് നോററുകൊള്ളുക, (അടുത്ത) ചന്ദ്രോദയം കാണുമ്പോൾ നോമ്പ് അവസാനിപ്പിക്കുകയും ചെയ്യുക" (ബുഖാരി, മുസ്ലിം). തിരുമേനിയുടെ ഈ ഉപദേശത്തെ ഇസ്ലാമിലെ പണ്ഡിതന്മാരിൽ പലരും പല വിധത്തിലാണ് വ്യാഖ്യാനിച്ചിരിക്കുന്നതു്. ചന്ദ്രോദയം നേരിട്ടുകണ്ട ഓരോരുത്തരും നോമ്പ് നോല്ക്കണമെന്ന് ബഹുഭൂരിപക്ഷം. അതു പാടില്ല, ഒരാൾ നേരിട്ടു കണ്ടതുകൊണ്ടുമാത്രം അവൻ ചന്ദ്രനെ യഥാർത്ഥത്തിൽ കണ്ടുവെന്നുറപ്പിക്കാൻ പാടില്ല. ചുരുങ്ങിയതു് മറെറാരാൾകൂടി ചന്ദ്രോദയം കണ്ടിരിക്കണം, എന്നാലേ ചന്ദ്രോദയം നേരിട്ടുകണ്ട ആൾക്ക് നോമ്പ് നോല്ക്കാൻ പാടുള്ളുവെന്ന് അത്താഉബ്നു അബീറബാഹ് (ബിദായത്തുൽ മുജ്തഹിദ് 1:276). ഇപ്രകാരംതന്നെ, റമളാൻ അവസാനിപ്പിക്കുന്ന ഘട്ടത്തിലും പണ്ഡിതന്മാർക്കിടയിൽ അഭിപ്രായവ്യത്യാസം, ഒരാൾ നേരിട്ട് ചന്ദ്രോദയം കണ്ടാൽ അവന്ന് നോമ്പ് അവസാനിപ്പിക്കാമോ? അവിടെ ഇമാംമാലിക്, അബൂഹനീഫ, അഹ്മദ് ഇവർ മൂന്നുപേരും പറയുന്നതു് അവന്റെ റമളാൻ നോമ്പ് അവസാനിപ്പിക്കാൻ പാടില്ലെന്നാണ്. അതേയവസരത്തിൽ, ഇവന്ന് റമളാൻനോമ്പ് അവസാനിപ്പിക്കാമെന്ന് ഇമാംശാഫിഈ വിധിക്കുന്നു. നേരിട്ട് ചന്ദ്രോദയം കണ്ട ഒരാൾ പിറേറന്ന് നോമ്പ് നോല്ക്കാതിരുന്നാൽ അവൻ മറെറാരു ദിവസം അതിന്നുപകരം നോമ്പ് നോല്ക്കുകയും പ്രായശ്ചിത്തം നല്കുകയും ചെയ്യേണമെന്നുകൂടി ഇമാംമാലിക് പറയുന്നു. ചുരുക്കത്തിൽ, റമളാൻ നോമ്പ് അവസാനിപ്പിക്കുന്നതിന്ന്, ഒരാൾ ചന്ദ്രോദയം നേരിട്ടുകണ്ടാൽ പോരാ, മററുള്ളവർകൂടി കണ്ടിരിക്കണം എന്നാണ് ഇമാംമാലിക് മുതലായവരുടെ വാദം. നോമ്പ് ഭാരമായിത്തോന്നിയ വല്ലവരും, താൻ ചന്ദ്രോദയം കണ്ടുവെന്ന് കള്ളം പറഞ്ഞ് പെരുന്നാളുണ്ടാക്കാൻ ശ്രമിച്ചേക്കാം, അതുകൊണ്ട് പെരുന്നാളിന്റെ ചന്ദ്രോദയം ഒരാൾമാത്രം കണ്ടാൽപോരാ എന്നുവെക്കണമെന്നാണ് ഇമാംമാലിക് മുതലായവർ കാരണം പറയുന്നതു്. നേരിട്ടുകണ്ടാലുള്ള സ്ഥിതിയാണിപ്പറഞ്ഞതു്. ഇനി ചന്ദ്രോദയം കണ്ടതായി വല്ലവരും അറിവു നല്കിയാലോ, നോമ്പ് നോല്ക്കാമോ? അല്ലെങ്കിൽ നോമ്പ് അവസാനിപ്പിക്കാമോ? രണ്ടു ഘട്ടത്തിലും വിശ്വസ്തരായ രണ്ടാളെങ്കിലും സാക്ഷ്യം വഹിക്കണമെന്ന് ഇമാംമാലിക്. ഇമാം ശാഫിഈ അതിനോടു യോജിക്കുന്നില്ല. നോമ്പ് നോല്ക്കാൻ ഒരു സാക്ഷി മതി, നോമ്പവസാനിപ്പിക്കാൻ രണ്ടുപേർ സാക്ഷ്യം വഹിക്കണം എന്നാണ



ദ്ദേഹം പറയുന്നതു്. ഇമാം അബൂഹനീഫയുടെ അഭിപ്രായം ഇതു് രണ്ടുമല്ല. മേഘം മൂടിയ ഘട്ടമാണെങ്കിൽ ചന്ദ്രനെ കണ്ടതായി ഒരാൾ സാക്ഷ്യംവഹിച്ചാൽമതി. ആകാശം തെളിഞ്ഞിരിക്കുന്ന ഘട്ടമാണ്, വലിയൊരു പട്ടണവുമാണ് എന്നാൽ "വമ്പിച്ചൊരു ജനക്കൂട്ടം" മാസപ്പിറവി കണ്ടതായി സാക്ഷ്യം വഹിക്കണം. അതാണദ്ദേഹത്തിന്റെ അഭിപ്രായം.

ഇനി അങ്ങനെയല്ല, ചന്ദ്രോദയം ആരും കണ്ടില്ല, മേഘം മൂടുകനിമിത്തം ആർക്കും കാണാൻ സാദ്ധ്യവുമല്ല. എന്നാൽ എങ്ങനെ നോമ്പ് നോല്ക്കണം? എങ്ങനെ നോമ്പ് അവസാനിപ്പിക്കണം? അവിടെയും പണ്ഡിതന്മാർക്കിടയിൽ രണ്ടുപക്ഷം. "ആകാശത്തു് മേഘം മൂടിയാൽ നിങ്ങൾ കണക്കുനോക്കി മാസം പൂർത്തിയാക്കണമെ"ന്ന് തിരുമേനി അരുളിയിട്ടുണ്ട് (ബുഖാരി, മുസ്ലിം). അവിടെയും പണ്ഡിതന്മാർക്കിടയിൽ വ്യാഖ്യാനത്തിൽ ഭിന്നിപ്പ്. ചന്ദ്രോദയം കാണാതിരുന്നാൽ, തലേമാസം അവസാനിച്ചശേഷം, മുപ്പതു് ദിവസം എണ്ണിക്കണക്കാക്കുക എന്ന് ഭൂരിപക്ഷം. അപ്പോൾ ശഅ്ബാൻ അവസാനിച്ചശേഷമുള്ള 30 ദിവസം നോമ്പ് നോററിട്ട് നോമ്പവസാനിപ്പിക്കുക. അപ്രകാരംതന്നെ, റജബ് അവസാനിച്ചതുമുതല്ക്ക് 30 ദിവസം എണ്ണിക്കണക്കാക്കിയിട്ട്, അതുകഴിഞ്ഞ പിറേറദിവസം റമളാൻ നോമ്പ് ആരംഭിക്കുക. ഇതാണ് കണക്കാക്കാൻ തിരുമേനി പറഞ്ഞതിന്ന് ഭൂരിപക്ഷക്കാർ കൊടുക്കുന്ന വ്യാഖ്യാനം. ന്യൂനപക്ഷം കൊടുക്കുന്ന വ്യാഖ്യാനം വ്യത്യസ്തമാണ്. മേഘം മൂടുകനിമിത്തം ചന്ദ്രോദയം കാണാതെവന്നാൽ നിങ്ങൾ കണക്കുകൂട്ടിയിട്ട് നോമ്പ് നോല്ക്കുകയും അതവസാനിപ്പിക്കുകയും ചെയ്യണമെന്നാണല്ലോ തിരുമേനി കല്പിച്ചിരിക്കുന്നതു്. അപ്പോൾ, നോമ്പ് ആരംഭിക്കുകയൊ അവസാനിപ്പിക്കുകയൊ ചെയ്യുന്നതിന്ന് കണക്കു അടിസ്ഥാനമായി സ്വീകരിക്കാമെന്നാണല്ലോ തിരുമേനിയുടെ നിർദ്ദേശത്തിന്റെ സാരം. അതുകൊണ്ട്, സൂര്യൻ ചന്ദ്രൻ മുതലായവയുടെ ചലനങ്ങൾ പഠിച്ച ആളുകൾക്ക് ആ കണക്കുകളടിസ്ഥാനമാക്കിക്കൊണ്ട് നോമ്പ് നോല്ക്കുകയും നോമ്പ് അവസാനിപ്പിക്കുകയും ചെയ്യാമെന്നാണ് ആ ന്യൂനപക്ഷത്തിന്റെ വാദം. സലഫുസ്സാലിഹിൽത്തന്നെ ചിലർ ആ പക്ഷക്കാരാണെന്ന് ഇമാം ഇബ്നുറുഷ്ദ് ബിദായത്തുൽ മുജ്തഹിദിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മുത്റഫ് (റ) ആ പക്ഷക്കാരനാണെന്നും, "അദ്ദേഹം താബിഉകളിൽപ്പെട്ട മഹാപണ്ഡിതന്മാരിൽ ഒരാളാണെ"ന്നും ഇമാംഇബ്നുറുഷ്ദ് പറയുന്നു. നക്ഷത്രങ്ങളുടെയും ചന്ദ്രന്റെയും ചലനങ്ങളടിസ്ഥാനമാക്കിക്കൊണ്ട് തീരുമാനം കല്പിക്കാൻ കഴിവുള്ള ആളുകളുണ്ടാകും, ഇന്നദിവസം ചന്ദ്രോദയം കാണുക സാദ്ധ്യമാണെന്ന് അവർക്കു അഭിപ്രായമുണ്ടാകും, യഥാർത്ഥത്തിൽ മാസപ്പിറവി കണ്ടിട്ടുണ്ടായിരിക്കയില്ല. എന്നാൽ അത്തരക്കാർക്ക് നോമ്പ് നോല്ക്കുന്നതിന്നു വിരോധമില്ലെന്ന് ഇമാംശാഫിഈ (റ) പറഞ്ഞതായി ഇബ്നുസുറൈജിൽനിന്ന് ഇമാം ഇബ്നുറുഷ്ദ് ഈ സ്ഥലത്ത്

ഉദ്ധരിച്ചുകാണിച്ചിട്ടുമുണ്ടു്. ചന്ദ്രോദയമുണ്ടാവാൻ ഇന്നിന്ന ദിവസങ്ങളിൽ സാദ്ധ്യതയുണ്ടെന്നു് ശാസ്ത്രീയമായ നിലക്കു് പഠിച്ചുഗ്രഹിച്ചവൎക്കു ആ അറിവു് അടിസ്ഥാനമാക്കിക്കൊണ്ടു് നോമ്പു് നോല്ക്കുകയും നോമ്പു് അവസാനിപ്പിക്കുകയും ചെയ്യാമെന്നാണു് ഈ പക്ഷക്കാരുടെ അഭിപ്രായം. മുത്ത്‌റഫ്, ഇബ്‌നുഖുതൈബ, ഇബ്‌നുസുറൈജ് എന്നീ പണ്ഡിതന്മാർ ഈ അഭിപ്രായക്കാരാണു്. ചില പണ്ഡിതന്മാർ പറയുന്നതു്, പാമരജനങ്ങൾ മാസപ്പിറവിനോക്കി നോമ്പു് നോല്ക്കണമെന്നും, പണ്ഡിതന്മാൎക്കു് കണക്കുകളടിസ്ഥാനമാക്കിക്കൊണ്ടു് നോമ്പു് നോല്ക്കാമെന്നുമാണു്. അതായതു് 'നിങ്ങൾ കണക്കുകൂട്ടണമെ'ന്നു് തിരുമേനി അരുളിയതു് പണ്ഡിതന്മാരോടാണു്, പാമരന്മാരോടല്ല എന്നാണു് അവർ പറയുന്നതു്. [നൈലുൽ ഔത്താർ 4:162 നോക്കുക] ഇബ്‌നുസുറൈജ് ഈ വ്യാഖ്യാനം നല്കിയതു് ഇബ്‌നുൽ അറബി ഉദ്ധരിച്ചതായി ഫത്ഹുൽബാരിയിൽ (5:23) ഇബ്‌നുഹജർ ഉദ്ധരിച്ചിട്ടുണ്ടു്.

ഇസ്ലാംമതം വളരെ വ്യവസ്ഥിതമായൊരു മതമാണു്. ഇസ്ലാമിലെ നടപടികൾ പലതും വായനക്കാർ കണ്ടുകഴിഞ്ഞു. എല്ലാററിലും ആകൎഷകമായ വ്യവസ്ഥകളും ചിട്ടകളുമാണു് വെച്ചിരിക്കുന്നതു്. മുകളിൽ ഉണൎത്തിയപോലെ ജനങ്ങളുടെ സൗകര്യത്തിനുവേണ്ടിയാണു്, ചന്ദ്രനെക്കാണുമ്പോൾ നോമ്പു് ആരംഭിക്കുവാനും അവസാനിപ്പിക്കാനും നിശ്ചയിച്ചതു്. അല്ലാതെ ഓരോ മനുഷ്യനും അതു് സ്വന്തം കണ്ണുകൊണ്ടു് കാണണമെന്ന ഉദ്ദേശത്തിലല്ല. ഓരോരുത്തരും നേരിട്ടുകാണണമെന്നു് ആരും ഒരു പണ്ഡിതനും നിൎബ്ബന്ധിക്കുന്നുമില്ല. നേരിട്ടു കണ്ടില്ലെങ്കിൽ മററുള്ളവരുടെ കാഴ്ച അടിസ്ഥാനമാക്കി നോമ്പു് നോല്ക്കാമെന്നു് എല്ലാവരും സമ്മതിക്കുന്നു. ഒന്നാലോചിച്ചുനോക്കുക: എന്താണതിൻെറ അൎത്ഥം? ചന്ദ്രൻ ഉദിച്ചിട്ടുണ്ടെന്നു ബോദ്ധ്യമാവണം, എന്നാൽ നോമ്പുനോല്ക്കാമെന്നല്ലേ? വാസ്തവത്തിലൊ ചന്ദ്രൻ ഉദിച്ചുകഴിഞ്ഞിട്ടുണ്ടെന്നു് ഒന്നോ രണ്ടോ ആൾ വന്നു പറയുമ്പോൾ അവരുടെ കണ്ണിന്നു് അമളിപററിപ്പോകാൻ സാദ്ധ്യതയില്ലേ? ഇക്കൊല്ലം ചെറിയ പെരുന്നാൾ കേരളത്തിൽ മൂന്നു ദിവസം നടന്നു. ഇതു് മൂന്നും യഥാൎത്ഥത്തിൽ ശരിയാവാൻ പാടില്ല. ഒന്നു മാത്രമേ ശരിയായിരിക്കയുള്ളു. യഥാൎത്ഥത്തിലൊ ഈ മൂന്നു വിഭാഗക്കാരും പെരുന്നാൾ ആചരിച്ചതു് മാസപ്പിറവി കണ്ടതിനെ അടിസ്ഥാനമാക്കിക്കൊണ്ടാണുതാനും. അപ്പോൾ രണ്ടു വിഭാഗക്കാൎക്കു് കിട്ടിയ റിപ്പോൎട്ടുകൾ യഥാൎത്ഥത്തിൽ തെററാണു്. ഒരുപക്ഷെ വല്ലവരും കള്ളം പറഞ്ഞതായിരിക്കാം; അല്ലെങ്കിൽ കണ്ടവരുടെ കണ്ണിന്നു് അമളി പററിയതായിരിക്കാം. ഇതാണു് കാഴ്ച അടിസ്ഥാനമാക്കിക്കൊണ്ടു് നോമ്പു് നോററാലുള്ള ഗതി. ശാസ്ത്രീയമായ നിലക്കു് കണക്കുകൾ അടിസ്ഥാനമാക്കിക്കൊണ്ടു് നോമ്പോ പെരുന്നാളോ തീരുമാനിക്കുകയാണെങ്കിലൊ, ഇത്തരം അബദ്ധങ്ങളൊന്നും ഒരിക്കലും സംഭവിക്കു



കയില്ല. ശാസ്ത്രം ഇത്തരം വിഷയങ്ങളിലെല്ലാം ശരിയായ വ്യവസ്ഥയിലും ചിട്ടയിലും എത്തിയിട്ടുണ്ടു്. ചന്ദ്രൻ ഇന്ന ദിവസം ഇത്ര മണി ഇത്ര മിനുട്ടിൽ ഉദിക്കും, എന്നിട്ടു് ഇത്ര മിനിട്ടുനേരം നില്ക്കും, പിന്നീടു് മറഞ്ഞുപോകും എന്നെല്ലാം വ്യക്തമായും ഖണ്ഡിതമായും പറയാൻ ശാസ്ത്രം പഠിച്ചവൎക്കു് ഇന്നു കഴിയും. ആ സ്ഥിതിക്കു് അതടിസ്ഥാനമാക്കിക്കൊണ്ടു് ഒരു തീരുമാനം പ്രഖ്യാപിക്കുകയല്ലേ നല്ലതു്? മതത്തിന്നു് അതിലെന്തുണ്ടു് തടസ്സം? ഞാൻ നോക്കിയിട്ടു് ഒന്നും കാണുന്നില്ല.

നാം അല്പമൊന്നു് കണ്ണുതുറന്നില്ലെങ്കിൽ ഇസ്ലാമിനെ ബഹുജനങ്ങൾ കളിയാക്കാൻ തുടങ്ങും. കേരളത്തിൽ ഇക്കൊല്ലം മൂന്നു് ദിവസം ചെറിയ പെരുന്നാൾ ആഘോഷിച്ചതിൽ വല്ലവരും അഭിമാനം കൊള്ളുന്നുണ്ടോ? ഇല്ല, ലജ്ജിച്ചു തലതാഴ്ത്തുകയാണു്. ഇതിന്നൊരു പരിഹാരം കണ്ടെങ്കിൽ എന്നു് നൂറുശതമാനം മുസ്ലിംകളും പ്രാൎത്ഥിക്കയും ചെയ്യുന്നു. കണക്കുകൂട്ടി തീരുമാനം കല്പിക്കുന്നതിൽ ഭയാശങ്കകൾ വെച്ചുപുലൎത്തുന്ന ചില പണ്ഡിതന്മാരുണ്ടെന്നു നമുക്കറിയാം. അവർ ഒന്നുകൂടി ചിന്തിക്കട്ടെ എന്നാണു് എനിക്കുള്ള അപേക്ഷ.

ചന്ദ്രൻെറയും മററും ചലനങ്ങൾ വിവരിക്കുന്ന ശാസ്ത്രം പഠിച്ചു് അതടിസ്ഥാനമാക്കിക്കൊണ്ടു് നോമ്പോ പെരുന്നാളൊ തീരുമാനിക്കാൻ കല്പിച്ചാൽ ബഹുജനങ്ങൾക്കു് അതു വിഷമമായിത്തീരും, നേരെമറിച്ചു് ചന്ദ്രോദയം കണ്ടാൽ നോമ്പൊ പെരുന്നാളൊ തീരുമാനിക്കണമെന്നു് കല്പിച്ചാൽ അതിൽ ആൎക്കും ഒരു വിഷമവുമുണ്ടാകുകയില്ല, അതുകൊണ്ടാണു് ഇസ്ലാംമതം അങ്ങിനെ കല്പിച്ചതെന്നും, പില്ക്കാലങ്ങളിൽ ഈ ശാസ്ത്രം പഠിച്ചവർ ഉണ്ടായിത്തീൎന്നിട്ടുണ്ടെങ്കിലും നബിയുടെ കാലത്തു് അതുണ്ടായിരുന്നില്ലെന്നും, അതുകൊണ്ടാണു് മാസപ്പിറവി കണ്ടാൽ നോമ്പു നോല്ക്കാൻ കല്പിച്ചതെന്നും ഹാഫിളുബ്‌നുഹജർ മേല്പറഞ്ഞ ബുഖാരിയിലെ ഹദീസിന്നു് വിശദീകരണം നല്കിയ സ്ഥലത്തു് പറയുന്നു (ഫത്ഹുൽബാരി 5 : 29). കണക്കുകളെ അടിസ്ഥാനമാക്കി നോമ്പും പെരുന്നാളും തീരുമാനിക്കുന്നതിൽ തത്വപരമായി തെററുള്ളതുകൊണ്ടല്ല. അതു പ്രയോഗത്തിൽ വരുത്താൻ സാധാരണക്കാൎക്കു കഴിയാത്തതുകൊണ്ടു് മാത്രമാണു് ചന്ദ്രോദയം കാണണമെന്നു് ഇസ്ലാംമതം കല്പിച്ചതു് എന്നാണല്ലൊ ഇബ്‌നുഹജർ പറയുന്നതു്. അപ്പോൾ കണക്കു് അടിസ്ഥാനമാക്കി തീരുമാനം കല്പിക്കുന്നതു് സാധാരണക്കാൎക്കു പ്രയാസമാണെന്നല്ലാതെ തത്വത്തിൽ അതു തെററാണെന്നു് അദ്ദേഹത്തിന്നഭിപ്രായമില്ലെന്നു് ഈ വാക്കുകൾ ചൂണ്ടിക്കാട്ടുന്നു. ജ്യോതിശ്ശാസ്ത്രവിദഗ്ദ്ധന്മാൎക്കു് കണക്കുകളെ അടിസ്ഥാനമാക്കിക്കൊണ്ടു് നോമ്പും പെരുന്നാളും നിൎണ്ണയിക്കാമെന്ന പക്ഷക്കാരാണു് ഇമാം ഖഫാൽ, അബുത്തയ്യിബ് എന്നീ രണ്ടു പണ്ഡിതന്മാരെന്നു് ഇബ്‌നുഹജർ ഫത്ഹുൽബാരിയിൽ രേഖപ്പെടുത്തിയിട്ടുണ്ടു് (5:23). ഇപ്രകാരംതന്നെ ഖാളിതബ്‌രിയും ഈ

അഭിപ്രായക്കാരനാണെന്ന് ഇമാംറാഫിഈ ശറഹുൽ കബീറിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഖാളിതബ്‌രി, ഇമാംഖഫാൽ എന്നിവരെല്ലാം സാധാരണ പണ്ഡിതന്മാരല്ല, ലോകവിശ്രുതരായ ഒന്നാംകിട പണ്ഡിതന്മാരാണെന്ന് ഇവിടെ ഓർമ്മപ്പെടുത്തിക്കൊള്ളട്ടെ. ഇബ്നുഹജർ പറഞ്ഞതുപോലെത്തന്നെയാണ് ഇമാംനവവിയും പറയുന്നത്. കണക്കുകളടിസ്ഥാനമാക്കിക്കൊണ്ട് നോമ്പും പെരുന്നാളും നിർണ്ണയിക്കാൻ കല്പിച്ചാൽ ആ കണക്കുകൾ എല്ലാവർക്കും അറിയുകയില്ല, വലിയ ടൗണുകളിലുള്ള ചുരുക്കം ചില വ്യക്തികൾക്കു മാത്രമേ അതറിവുണ്ടായിരിക്കയുള്ളു, ആ സ്ഥിതിക്ക് കണക്കുകളടിസ്ഥാനമാക്കി നോമ്പും പെരുന്നാളും നിർണ്ണയിക്കാൻ മതം കല്പിച്ചിരുന്നെങ്കിൽ ബഹുജനങ്ങൾ വിഷമിച്ചുപോകുമായിരുന്നു, അതുകൊണ്ടാണ് അങ്ങിനെ ചെയ്യാതിരുന്നതെന്ന് ഇമാംനവവി ശറഹുൽ മുഹദ്ദബ് 6:207-ൽ വ്യക്തമാക്കിയിരിക്കുന്നു. അപ്പോൾ കണക്കുകളടിസ്ഥാനമാക്കിക്കൊണ്ട് നോമ്പും പെരുന്നാളും നിർണ്ണയിക്കാൻ വിഷമമില്ലെങ്കിൽ അതിന്ന് വിരോധമില്ലെന്ന തത്വത്തോട് ഇബ്നുഹജറെപ്പോലെത്തന്നെ ഇമാംനവവിയും യോജിക്കുന്നു. കണക്കുകളടിസ്ഥാനമാക്കിക്കൊണ്ട് നോമ്പും പെരുന്നാളും നിർണ്ണയിക്കാമോ എന്നു ചിന്തിക്കുന്ന സ്ഥലത്ത് ഹാഫിളുബ്നുഹജർ ഫത്ഹുൽബാരി 5:23-ൽ പറയുന്നത്, ''ഹദീസിന്റെ പണ്ഡിതന്മാരിൽപ്പെട്ട ഇബ്നുഖുതൈബായും, താബിഉകളിൽപ്പെട്ട മുത്റഫ്ബ്നു അബ്ദില്ലായും ഇബ്നുസുറൈജും അങ്ങനെയാണ് പറഞ്ഞിരിക്കുന്നത്'' എന്നാണ്. ഇബ്നുഖുതൈബായും മുത്റഫ്ബ്നു അബ്ദില്ലായും സാധാരണക്കാരല്ലെന്നാണ് ഇബ്നുഹജർ ചൂണ്ടിക്കാട്ടുന്നത്. ജ്യോതിശ്ശാസ്ത്രം അടിസ്ഥാനമാക്കിക്കൊണ്ട് നോമ്പും പെരുന്നാളും നിർണ്ണയിക്കുന്നതിനെക്കുറിച്ചു വിവരിക്കുന്ന സ്ഥലത്ത്, നാലു മദ്ഹബുകളെക്കുറിച്ചു പ്രതിപാദിക്കുന്ന 'കിതാബുൽ ഫിഖ്ഹ്'' 1:434-ൽ പറയുന്നുണ്ട്. ജ്യോതിശ്ശാസ്ത്രജ്ഞന്മാരുടെ വാക്കുകൾ, സൂക്ഷ്മനിരീക്ഷണം ചെയ്ത് നിർണ്ണയിച്ച ചില അടിസ്ഥാനപ്രമാണങ്ങളെ ആധാരമാക്കിക്കൊണ്ടുള്ളതാണെങ്കിലും, പലപ്പോഴും ആ പണ്ഡിതന്മാർക്കിടയിൽ അഭിപ്രായവ്യത്യാസങ്ങൾ നാം കാണുന്നുണ്ട്, ആ ശാസ്ത്രം തികച്ചും വ്യവസ്ഥിതമായി നാം കാണുന്നില്ല, അതുകൊണ്ട് അവരുടെ വാക്കുകൾ സ്വീകരിക്കാൻ നിവൃത്തിയില്ലെന്നാണ് അതിൽ പറയുന്നത്. ചന്ദ്രന്റെ ചലനങ്ങളെക്കുറിച്ചും അതു കാണാനും കാണാതിരിക്കാനുമുള്ള സാദ്ധ്യതകളെക്കുറിച്ചും ഇന്ന് ശാസ്ത്രജ്ഞന്മാർക്ക് ഖണ്ഡിതമായി അഭിപ്രായം പറയാൻ കഴിയും. അതുകൊണ്ട് ഇപ്പറഞ്ഞ ദോഷമാണ് തടസ്സമെങ്കിൽ ആ തടസ്സം ഇന്ന് നിലവിലില്ല. മാത്രമല്ല, ചന്ദ്രൻ ഉദിക്കുന്നതും ഉദിക്കാതിരിക്കുന്നതും നിർണ്ണയിച്ചുപറയാൻ ഇന്നത്തെ ശാസ്ത്രജ്ഞന്മാർക്കു കഴികയില്ലെന്ന് നാം പറയാനൊരുങ്ങുന്നപക്ഷം ലോകം നമ്മെ കളിയാക്കുകയാണ് ചെയ്യുക. അതുകൂടി നാം ഓർക്കണം. അവസാനമായി ഇമാംഇബ്നുദഖീഖുൽഈദിന്റെ അഭിപ്രായം ഉദ്ധരിക്കാം.



കണക്കുകളനുസരിച്ച്, മനുഷ്യർക്കു കാണാവുന്ന വിധത്തിൽ ചന്ദ്രൻ ഉദിച്ചുകഴിഞ്ഞിട്ടുണ്ടെന്ന് ബുദ്ധിക്കു ബോദ്ധ്യമായി. പക്ഷെ മേഘംപോലെയുള്ള തടസ്സംകാരണം കണ്ണുകൊണ്ട് ചന്ദ്രനെ കാണാൻ കഴിഞ്ഞില്ല. എന്നാൽ നോമ്പ് നോല്ക്കുന്നത് നിർബ്ബന്ധമാണ്. കാരണം, മതം നിശ്ചയിച്ച വ്യവസ്ഥ—ചന്ദ്രൻ ഉദിക്കണമെന്നത്—അവിടെ നടപ്പിൽ വന്നുകഴിഞ്ഞു. ഇതാണദ്ദേഹം പറയുന്നത്. ഹാഫിള്ബ്നു ഹജറിന്റെ 'തൽഖീസുൽഹബീറി'ലാണ് ഇമാംഇബ്നുദഖീഖുൽഈദിന്റെ ഈ വാക്കുകൾ രേഖപ്പെടുത്തിയിരിക്കുന്നത്. കണക്കനുസരിച്ച് അന്നു ചന്ദ്രനുദിക്കാതിരിക്കാൻ പാടില്ല, അത് ഉദിക്കുകതന്നെ ചെയ്തിട്ടുണ്ട്, പക്ഷെ മേഘംമൂലം കാണാൻ കഴിഞ്ഞില്ലെന്നേയുള്ളു. അപ്പോൾ മാസം യഥാർത്ഥത്തിൽ പിറന്നുകഴിഞ്ഞു, അത് ബുദ്ധിക്കു ബോദ്ധ്യമായി. അങ്ങനെ ബോദ്ധ്യമായിക്കഴിഞ്ഞാൽ നോമ്പ് നോല്ക്കേണ്ടതുമാണ്. ഇതാണ് ഇമാംഇബ്നുദഖീഖുൽഈദിന്റെ വാദം. ഇമാംഇബ്നുദഖീഖുൽഈദും ഒരു സാധാരണപണ്ഡിതനല്ല. നാല് മദ്ഹബുകാർക്കിടയിലും പ്രസിദ്ധനായ ഒരു മഹാപണ്ഡിതനാണ്. നാല് ഇമാമുകൾക്കുശേഷം വന്ന അഞ്ചാമത്തെ മുജ്തഹിദാണ് ഇദ്ദേഹം എന്നുകൂടി മുമ്പുതന്നെ വാദമുണ്ട്. ഈ വിഷയത്തിലുള്ള പണ്ഡിതന്മാരുടെ അഭിപ്രായങ്ങൾ ഇമാംനവവി ശറഹുൽമുഹദ്ദബിൽ (6:280) ക്രോഡീകരിച്ചത് അവസാനമായി ഇവിടെ എടുത്തുകാണിക്കാം.

അഞ്ച് അഭിപ്രായങ്ങളാണ് ഇമാംനവവി ഇവിടെ എടുത്തുകാണിച്ചിരിക്കുന്നത്. 1. ഗണിതശാസ്ത്രജ്ഞനും ജ്യോതിശ്ശാസ്ത്രജ്ഞനും അവരുടെ ശാസ്ത്രത്തെ അടിസ്ഥാനമാക്കിക്കൊണ്ട് നോമ്പ് നോല്ക്കണമെന്നു നിർബ്ബന്ധമില്ല. പക്ഷെ ആ രണ്ടു ശാസ്ത്രജ്ഞന്മാർക്കും അങ്ങനെ നോമ്പ് നോല്ക്കുന്നതിന്നു വിരോധമില്ല. അവരല്ലാത്തവർക്ക് പാടുമില്ല. ആ രണ്ടു ശാസ്ത്രജ്ഞന്മാർക്കുതന്നെ, അവരുടെ ഫർളുനോമ്പ് അങ്ങിനെ നോററാൽ മതിയാകയുമില്ല. ഇതാണ് കൂടുതൽ ബലപ്പെട്ട അഭിപ്രായമെന്ന് ഇമാംനവവി പറയുന്നു. 2. ഗണിതശാസ്ത്രജ്ഞനും ജ്യോതിശ്ശാസ്ത്രജ്ഞനും അവരുടെ ശാസ്ത്രീയസിദ്ധാന്തങ്ങളുടെ അടിസ്ഥാനത്തിൽ നോമ്പ് നോല്ക്കാം,' അതിൽ തെററാണമില്ല. 3. ഗണിതശാസ്ത്രജ്ഞന്ന് അദ്ദേഹത്തിന്റെ ശാസ്ത്രീയനിഗമനങ്ങൾക്കനുസരിച്ച് നോമ്പ് നോല്ക്കാം, ജ്യോതിശ്ശാസ്ത്രജ്ഞന്ന് പാടില്ല. 4. ജ്യോതിശ്ശാസ്ത്രജ്ഞനും ഗണിതശാസ്ത്രജ്ഞനും അവരുടെ ശാസ്ത്രീയസിദ്ധാന്തങ്ങളെ അടിസ്ഥാനമാക്കിക്കൊണ്ട് നോമ്പ് നോല്ക്കാം. അവരുടെ അഭിപ്രായം സ്വീകരിച്ചുകൊണ്ട് മററുള്ളവർക്കും നോമ്പ് നോല്ക്കാം. 5. ഗണിതശാസ്ത്രജ്ഞനും ജ്യോതിശ്ശാസ്ത്രജ്ഞനും അവരുടെ ശാസ്ത്രീയസിദ്ധാന്തങ്ങളടിസ്ഥാനമാക്കിക്കൊണ്ട് നോമ്പ് നോല്ക്കാം. മററുള്ളവരെ സംബന്ധിച്ചിടത്തോളം, അവർ രണ്ടുപേർക്കും തമ്മിൽ വ്യത്യാസമുണ്ട്. ഗണിതശാസ്ത്രജ്ഞ

ന്റെ വാക്ക് അടിസ്ഥാനമാക്കിക്കൊണ്ട് മററുള്ളവർക്ക് നോമ്പ് നോല്ക്കാം. പക്ഷെ ജ്യോതിശ്ശാസ്ത്രജ്ഞന്റെ അഭിപ്രായം ആധാരമാക്കിക്കൊണ്ട് മററുള്ളവർക്ക് നോമ്പ് നോല്ക്കാൻ പാടില്ല. ഇങ്ങനെ അഞ്ചുതരം അഭിപ്രായക്കാർ ശാഫിഈമദ്ഹബിൽത്തന്നെയുണ്ട്. അതാണ് ഇമാം നവവി ചൂണ്ടിക്കാട്ടുന്നത്. ഇന്ന് പുതുതായിപ്പറയുന്ന അഭിപ്രായമല്ല ഇത്. പൂർവ്വപണ്ഡിതന്മാരും വിശിഷ്യാ ശാഫിഈമദ്ഹബിലെ പണ്ഡിതന്മാർ ഈ അഭിപ്രായം പറഞ്ഞിട്ടുണ്ട് എന്നു കാണിക്കാനാണ് ഇതെല്ലാം ഇവിടെ ഉദ്ധരിച്ചത്. വാസ്തവത്തിൽ കണക്ക് അടിസ്ഥാനമാക്കിക്കൊണ്ട് നോമ്പും പെരുന്നാളും നിർണ്ണയിക്കാമെന്നതിന്ന് ഖുർആനിൽത്തന്നെ എത്രയോ അധികം തെളിവുകളുണ്ട്. ചിലത് ഇവിടെ ചൂണ്ടിക്കാണിക്കാം.

2:189-ൽ ഖുർആൻ ഇങ്ങിനെ പറയുന്നു: ''ചന്ദ്രക്കലകളെക്കുറിച്ച് അവർ നിന്നോട് (നബിയോട്) ചോദിക്കുന്നു. നീ പറയുക: ചന്ദ്രക്കലകൾ, മനുഷ്യർക്ക് കാലങ്ങൾ നിർണ്ണയിച്ചുകൊടുക്കുന്ന വസ്തുക്കളാകുന്നു.'' മനുഷ്യർക്ക് കാലത്തിന്റെ അളവുകൾ നിർണ്ണയിക്കാനുള്ള ഒരു വ്യവസ്ഥയാണ് ചന്ദ്രന്റെ ചലനമെന്നാണല്ലൊ ചോദ്യകർത്താക്കൾക്കു അല്ലാഹു നല്കുന്ന മറുപടി. അപ്പോൾ, ചന്ദ്രന്റെ ഗതി നോക്കിയിട്ട് കാലം നിർണ്ണയിക്കുന്നത് ഖുർആന്ന് വിരുദ്ധമായ ഒരു നടപടിയല്ല, ഖുർആൻ ചൂണ്ടിക്കാട്ടിയ മാർഗ്ഗം തന്നെയാണ്. അതു ഖുർആന്റെ സിദ്ധാന്തത്തിന്ന് വിരുദ്ധമാണെന്നു പറയാൻ ഒരു നിലക്കും ന്യായമില്ല. ഇനിയും നോക്കുക: 10: 5-ൽ അല്ലാഹു അരുളുന്നു: ''ചന്ദ്രന്റെ ചലനത്തിന്നു വിവിധഘട്ടങ്ങൾ നിർണ്ണയിച്ചതും അല്ലാഹുവത്രെ. കൊല്ലങ്ങളുടെ എണ്ണവും (മാസം, ദിവസം, സമയം ഇവയുടെ) കണക്കും നിങ്ങൾക്ക് ഗ്രഹിക്കുവാൻ കഴിയേണ്ടതിന്നാണ് അങ്ങിനെ ചെയ്തിരിക്കുന്നത്''. ഈ ഖുർആൻവാക്യം മേല്പറഞ്ഞ വിഷയം കൂടുതൽ വ്യക്തമാക്കുന്നു. കൊല്ലങ്ങളുടെ കണക്കും, മാസം, ദിവസം, സമയം, ഇവയുടെ കണക്കും ചന്ദ്രന്റെ ചലനങ്ങളെ അടിസ്ഥാനമാക്കിക്കൊണ്ട് നിങ്ങൾ ഗ്രഹിച്ചുകൊള്ളണം, അതിന്നുവേണ്ടിയാണ് ചന്ദ്രന്റെ ചലനങ്ങളെ ഇങ്ങിനെ വ്യവസ്ഥപ്പെടുത്തിയിരിക്കുന്നത് എന്നാണ് അല്ലാഹു അരുളുന്നത്. കണക്കുകളടിസ്ഥാനപ്പെടുത്തിക്കൊണ്ട് നോമ്പിന്റെയും പെരുന്നാളിന്റെയും ദിവസങ്ങൾ നിർണ്ണയിക്കാമെന്ന് ഈ വാക്യം തികച്ചും സ്പഷ്ടമാക്കുന്നു.

സൂര്യന്റെയും ചന്ദ്രന്റെയും ചലനങ്ങൾ അവ്യവസ്ഥിതങ്ങളല്ല, അവക്ക് ശരിക്കുള്ള വ്യവസ്ഥകൾ അല്ലാഹു നിശ്ചയിച്ചിട്ടുണ്ട്. 36: 38, 39-ൽ ഈ യാഥാർത്ഥ്യം വ്യക്തമായ ഭാഷയിൽത്തന്നെ ഖുർആൻ രേഖപ്പെടുത്തിയിട്ടുണ്ട്. സൂര്യന്റെയും ചന്ദ്രന്റെയും ചലനങ്ങൾക്ക് ശരിക്കുള്ള വ്യവസ്ഥകൾ നാം നിശ്ചയിച്ചിട്ടുണ്ടെന്ന് അല്ലാഹു പറഞ്ഞപ്പോൾ, 'തഖ്ദീർ' എന്ന വാക്കാണ് 'വ്യവസ്ഥപ്പെടുത്തി' എന്നതിന്ന് അവിടെ ഉപയോഗി



ച്ചിരിക്കുന്നത്. അപ്പോൾ സൂര്യന്റെയൊ ചന്ദ്രന്റെയൊ ചലനങ്ങളെ അടിസ്ഥാനമാക്കിക്കൊണ്ട് നോമ്പോ പെരുന്നാളൊ നിശ്ചയിച്ചാൽ അതൊരിക്കലും പിഴച്ചുപോകയില്ല. കാരണം, അവ രണ്ടിന്റെയും ചലനങ്ങൾ അല്ലാഹു ശരിക്കും ''വ്യവസ്ഥപ്പെടുത്തി''വെച്ചിട്ടുണ്ട്. അവസാനം ഈ വിഷയത്തിലുള്ള എല്ലാ സംശയങ്ങളും തുടച്ചുനീക്കിക്കൊണ്ട് അല്ലാഹു ഖുർആനിൽ അരുളുന്നതുനോക്കുക: ''സൂര്യനും ചന്ദ്രനും ഒരു നിശ്ചിതകണക്കനുസരിച്ചാണ് ചലിച്ചുകൊണ്ടിരിക്കുന്നത്!'' (55: 5)

ഇനി എന്താണ് വേണ്ടത്! സൂര്യനും ചന്ദ്രനും ഒരു നിശ്ചിതകണക്കനുസരിച്ചാണ് ചലിച്ചുകൊണ്ടിരിക്കുന്നതെന്നു മനുഷ്യവംശത്തെ അല്ലാഹു അതാ ഉച്ചത്തിൽ വിളിച്ചുണർത്തുന്നു. എന്നിട്ട് കണക്കനുസരിച്ചു ചന്ദ്രന്റെ ഗതി തീരുമാനിക്കാനൊ നോമ്പും പെരുന്നാളും നിർണ്ണയിക്കാനൊ പാടില്ലെന്നു പറയുന്നതിന്നെന്താണർത്ഥം? സൂര്യനേയും ചന്ദ്രനേയും ഏർപ്പെടുത്തിയിരിക്കുന്നത് അവയെ അടിസ്ഥാനമാക്കിക്കൊണ്ട് കാലയളവും മററു കണക്കുകളും നിർണ്ണയിക്കുവാൻ വേണ്ടിയാണെന്ന് അല്ലാഹു വിളംബരം ചെയ്യുമ്പോൾ, അതു പാടില്ല, ഇസ്ലാമിന്റെ കല്പനകൾക്കു വിരുദ്ധമാണത് എന്ന് നാം വാദിക്കുകയൊ? അല്ലാഹുവിനെയും ഖുർആനെയും എതിർക്കുന്നുവെന്നല്ലേ അതിന്റെ അർത്ഥം?

''നാം അക്ഷരജ്ഞാനമില്ലാത്ത ഒരു സമുദായമാണ്, നമുക്ക് എഴുതാനും കണക്കുകൂട്ടാനും അറിവില്ല'' എന്നു തിരുമേനി അരുളിയ ഒരു ഹദീസ് ചിലർ എടുത്തുകാണിക്കാറുണ്ട്. അതായത് കണക്കുകളടിസ്ഥാനമാക്കി നോമ്പും പെരുന്നാളും നിർണ്ണയിക്കാൻ പാടില്ലെന്നതിന്ന് തെളിവായി. വാസ്തവത്തിൽ അവക്കെതിരായുള്ള തെളിവാണ് ആ ഹദീസ്. കാരണം, നമുക്ക് എഴുതാനും കണക്കുകൂട്ടാനും അറിവില്ല, അതുകൊണ്ട് നാമങ്ങിനെ ചെയ്യുന്നില്ല എന്നാണല്ലൊ ആ ഹദീസിന്റെ അർത്ഥം. അങ്ങിനെയല്ലെങ്കിൽ വളരെ അപകടംപിടിച്ച അർത്ഥമാണ് ഹദീസിന്ന് കല്പിക്കേണ്ടിവരിക. നാം എന്നും അക്ഷരജ്ഞാനമില്ലാത്ത ഒരു സമുദായമായിരിക്കും, അതുകൊണ്ട് ഒരു വിഷയവും നാം കണക്കുകൂട്ടുകയൊ എഴുതിവെക്കുകയൊ ചെയ്യരുത് എന്നർത്ഥം കല്പിക്കേണ്ടിവരും. അതാവട്ടെ ആരും സമ്മതിക്കയില്ല. നബി (സ) തന്നെയും എത്രയോ കാര്യങ്ങൾ എഴുതിവെച്ചിട്ടുണ്ട്. ഖുർആൻ എഴുതിവെച്ചതായി ഖുർആനിൽത്തന്നെ (52: 2, 3) രേഖപ്പെടുത്തിയിട്ടുണ്ട്. കണക്കുകൂട്ടി പല കാര്യങ്ങളും തിരുമേനി കല്പിച്ചിട്ടുമുണ്ട്. ഇനി ഇതൊന്നും ഗൗനിക്കാതെ, കണക്കുകൂട്ടുകയും എഴുതിവെക്കുകയും ചെയ്യുന്ന ഏർപ്പാട് തെററാണെന്നു വാദിക്കുന്നുവെങ്കിൽ അതു രണ്ടും മുസ്ലിംകൾ ഉപേക്ഷിക്കണം. എഴുത്ത് നടപ്പാക്കുകയും കണക്കുകൂട്ടൽമാത്രം നിഷിദ്ധമാക്കുകയും ചെയ്യാൻ പാടില്ല. കാരണം, രണ്ടും ഒരേ ഹദീസിൽ ഒരേ വാചകത്തിൽ തിരുമേനി കല്പിച്ചതാണ്. വാസ്തവത്തിൽ ഇമാം നവവിയും ഇബ്നുഹജറും സൂചിപ്പി

ച്ചതാണ് ശരി. മനുഷ്യർക്ക് പ്രായോഗികവിഷമതകൾ അനുഭവപ്പെടാതി
രിക്കാൻവേണ്ടി, മാസപ്പിറവികണ്ടാൽ, അവരോട് നോമ്പ് നോല്ക്കാനും
നോമ്പ് മുറിക്കാനും കല്പിച്ചു. കണക്കടിസ്ഥാനമാക്കിക്കൊണ്ട് അങ്ങനെ
ചെയ്യാൻ കല്പിച്ചിരുന്നെങ്കിൽ വിദ്യാഭ്യാസമില്ലാത്തവർക്ക് വിശിഷ്യാ അക്ഷ
രജ്ഞാനമില്ലാത്ത അറബിസമുദായത്തിന്ന് അതു വലിയ വിഷമമായിത്തീരു
മായിരുന്നു. ഇതാണ് ഹദീസിൻെറ സാരം.

അത്ര ദൂരമൊന്നും പോകേണ്ടതില്ല. കണക്കടിസ്ഥാനമാക്കി തീരുമാനം
കല്പിക്കാമെന്ന് ബുഖാരിയിലും മററുമുള്ള ഹദീസ് തന്നെ ചൂണ്ടിക്കാട്ടുന്നുണ്ട്.
"പെരുന്നാളിൻെറ രണ്ടു മാസങ്ങൾ—റമളാനും ദുൽഹിജ്ജയും—കുറഞ്ഞു
വരികയില്ല" എന്നു തിരുമേനി അരുളിയതായി ബുഖാരിയിലും മററും രേഖ
പ്പെടുത്തിയിട്ടുണ്ട്. ഒരേ കൊല്ലത്തിൽ, ഇപ്പറഞ്ഞ രണ്ടു മാസങ്ങളും, മുപ്പതു
ദിവസംവീതമല്ലാതെ ഇരുപത്തിഒമ്പതു ദിവസംവീതം മാത്രമായി വരിക
യില്ലെന്നാണ് തിരുമേനി അരുളുന്നത്. കണക്ക് അടിസ്ഥാനമാക്കി വിധി
കല്പിക്കുന്നുവെന്നല്ലേ ഇതിൻെറ അർത്ഥം? അതായതു ഒരു കൊല്ലം റമളാൻ
29–ന്ന് മാസപ്പിറവി കണ്ടു. എന്നാൽ അടുത്ത ദുൽഹജ്ജ്മാസം 30 ആയി
മാത്രമേ വരികയുള്ളു. അതങ്ങനെ കണക്കുകൂട്ടുകയും അതടിസ്ഥാനമാക്കി
ക്കൊണ്ട് മതപരമായ നടപടികൾ തീരുമാനിക്കയും ചെയ്യണമെന്നല്ലെ
ഈ ഹദീസിൻെറ അർത്ഥം?

കണക്കുകളടിസ്ഥാനമാക്കിക്കൊണ്ട് മതകാര്യങ്ങൾ തീരുമാനിക്കാമെ
ന്നതിന്നു വേറെയും തെളിവുകളുണ്ട്. കഅ്ബയുടെനേരെ തിരിഞ്ഞുനിന്നു
നമസ്കരിക്കണമെന്ന് ഖുർആൻ കല്പിച്ചിട്ടുണ്ടല്ലൊ. ഭൂമുഖത്തിൻെറ നാനാ
ഭാഗങ്ങളിൽനിന്ന് നമസ്കരിക്കുന്നവർ, മക്കായിലുള്ള ആ പള്ളിയുടെ നേരെ
തന്നെയാണ് തിരിഞ്ഞുനിന്നു നമസ്കരിക്കുന്നതെന്ന് ഓരോരുത്തർക്കും ഉറപ്പി
ച്ചുപറയാൻ കഴിയുമോ? ഒരിക്കലുമില്ല. പ്രഭാതവേളയിൽ നാം ഭക്ഷണപാ
നീയങ്ങൾ നിറുത്തുകയും അസ്തമനവേളയിൽ വ്രതം അവസാനിപ്പിക്കുകയും
ചെയ്യുന്നുണ്ടല്ലൊ. കണക്ക്മാത്രം അടിസ്ഥാനമാക്കിയിട്ടല്ലേ നാം അതു
ചെയ്യുന്നതു? അതായതു പ്രഭാതവും അസ്തമനവും എത്ര മണിക്ക് എത്ര മിനു
ട്ടിന്ന് എന്നു കലണ്ടറിൽ നോക്കിയിട്ടല്ലേ നാം തീരുമാനിക്കുന്നതു? എന്നിട്ട്
കണക്കടിസ്ഥാനമാക്കി നോമ്പ് നോല്ക്കാൻ പാടില്ലെന്ന് നാം തന്നെ വാദി
ക്കുകയോ? അർത്ഥമില്ലാത്ത വാദമല്ലേ അതു?

നാം അഞ്ചുനേരം നമസ്കരിക്കുമ്പോൾ സമയം കണക്കാക്കുന്നതെങ്ങ
നെയാണ്? കണക്കടിസ്ഥാനമാക്കിയിട്ടുതന്നെയല്ലേ? അക്ഷരജ്ഞാനമില്ലാ
ത്തവൻപോലും കണക്കടിസ്ഥാനമാക്കിയാണ് നമസ്കരിക്കുന്നതു. ഇല്ലെ
ങ്കിൽ അസർനമസ്കാരത്തിൻെറ സമയം ഗ്രഹിക്കാൻ മറെറന്തുണ്ട് മാർഗ്ഗം?

ധ്രുവപ്രദേശങ്ങളിൽ രാവും പകലും ഇവിടത്തെപ്പോലെ പന്ത്രണ്ടോ
ഇരുപത്തിനാലോ മണിക്കൂറല്ല. അതിലും കൂടുതലുണ്ടാകും. മാസക്കണക്കിൽ,



തുടർച്ചയായി രാവും അതേപ്രകാരം പകലും നീണ്ടുനില്ക്കുന്ന പ്രദേശങ്ങളുണ്ട്.
അവിടെ നമസ്കരിക്കുകയും നോമ്പ് നോല്ക്കുകയും ചെയ്യുന്നതു കണക്കുകള
ടിസ്ഥാനമാക്കിക്കൊണ്ടായിരിക്കണമെന്ന് പൂർവ്വപണ്ഡിതന്മാർ നിർദ്ദേശിച്ചി
ട്ടുണ്ട്. അതായതു രാവും പകലുംകൂടി 24 മണിക്കൂറുള്ള പ്രദേശക്കാർ
ചെയ്യുന്നപോലെ സമയം കണക്കാക്കി അവരും പ്രവർത്തിക്കണമെന്ന്.
അപ്പോൾ അവിടത്തെ ആധാരം കണക്ക് മാത്രമാണ്! ഇതു എല്ലാവരും
സമ്മതിക്കുന്നു. ഇനി വേറൊന്നു നോക്കുക.

പിതാവ് ഹജ്ജിന്നുപോയി. മുഹർറം ഒന്ന് 12 മണിക്ക് മക്കാ
യിൽവെച്ച് അദ്ദേഹം മരിച്ചു. പുത്രൻ കേരളത്തിലുണ്ടായിരുന്നു. അതേ
ദിവസം അതേമണിക്കൂറിൽ ഇവിടെവെച്ചു പുത്രനും മരിച്ചു. എന്നാൽ
പിതാവിൻെറ സ്വത്ത് പുത്രന്ന് അനന്തരാവകാശമായി ലഭിക്കുമോ? അല്ല,
പുത്രൻേറതു പിതാവിന്നു ലഭിക്കുമോ? പുത്രൻെറ സ്വത്ത് പിതാവിന്ന്
ലഭിക്കുമെന്നാണ് മതപണ്ഡിതന്മാരുടെ വിധി. കേരളത്തിൽ 12 മണിയാ
കുമ്പോൾ മക്കായിൽ 12 മണി ആവുകയില്ല, അതുകൊണ്ട് ആദ്യം മരി
ച്ചതു മകനായിരിക്കും, അപ്പോൾ മകൻെറ സ്വത്ത് പിതാവിന്ന് ലഭിക്കും
എന്നാണ് അവർ കാരണം പറഞ്ഞിരിക്കുന്നതു. അപ്പോൾ നോക്കുക:
ഭൂമിശാസ്ത്രപരമായ കണക്ക് മാത്രം അടിസ്ഥാനമാക്കിയിട്ടല്ലേ ഇവിടെ
അനന്തരാവകാശം സ്ഥാപിച്ചുകൊടുത്തതു? ഇതെല്ലാം അനുവദിച്ചുകൊടു
ത്തിരിക്കുന്ന മതം, കണക്കടിസ്ഥാനമാക്കി നോമ്പും പെരുന്നാളും നിശ്ചയി
ക്കാൻ അനുവദിക്കുകയില്ലെന്നു പറഞ്ഞാൽ ആരെങ്കിലും സ്വീകരിക്കുമൊ?
മതത്തിൻെ താല്പര്യങ്ങളും വിധികളും നാം ആരാഞ്ഞുപഠിച്ചിട്ടില്ലെന്നുമാത്രം.

## നോമ്പ് നോല്ക്കാൻ ബാദ്ധ്യസ്ഥർ ആരെല്ലാം?

പ്രായപൂർത്തിയെത്തിയ സ്ത്രീപുരുഷന്മാരെല്ലാവരും വ്രതം അനുഷ്ഠിക്കു
വാൻ ബാദ്ധ്യസ്ഥരാണ്. 'റമളാൻ മാസത്തിൽ ആരെല്ലാം ജീവിച്ചിരിക്കു
ന്നുണ്ടോ അവരെല്ലാവരും വ്രതം അനുഷ്ഠിച്ചുകൊള്ളണ'മെന്ന് ഖുർആനിൽ
(2 : 185) കല്പിച്ചിട്ടുണ്ട്. പക്ഷെ മൈനർമാർക്ക് അതു നിർബ്ബന്ധമില്ല.
എന്നിരുന്നാലും ചെറുപ്രായം മുതല്ക്കുതന്നെ രക്ഷിതാക്കൾ അവരെ അതു
പരിശീലിപ്പിക്കണം. പരിശീലിച്ചില്ലെങ്കിൽ പിന്നീടവർക്കൊരു ഭാരമായി
ത്തീരും. തിരുമേനിയുടെ കാലത്തു കുട്ടികൾക്കു നോമ്പ് പരിശീലിപ്പി
ച്ചിരുന്നതു തിരുമേനിയുടെ അനുചരന്മാർ വിവരിച്ചതു ബുഖാരിയിലും
മററും രേഖപ്പെടുത്തിയിട്ടുണ്ട്. നോമ്പ് നോററ കുട്ടികളേയുംകൊണ്ട്
ഞങ്ങൾ പള്ളിയിലേക്കു പോയിരുന്നു, കുട്ടികൾ വിശന്നു കരയുമ്പോൾ അവ
രുടെ ശ്രദ്ധ മറെറാരുവഴിക്ക് തിരിച്ചുവിടാൻവേണ്ടി ഞങ്ങൾ അവർക്ക് പരു
ത്തികൊണ്ട് കളിപ്പാവകളുണ്ടാക്കിക്കൊടുക്കാറുണ്ടായിരുന്നു, അങ്ങനെ
നോമ്പ് മുറിക്കുന്ന സമയംവരേയും അവരെ ഞങ്ങൾ കളിപ്പിച്ചുകൊണ്ടു